# ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പേലീത്താ
**കർദ്ദിനാൾ വർക്കി വിതയത്തിൽ**
തന്റെ സഹശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും,
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ
അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

വൈദികവർഷമായി രണ്ടായിരത്തിഒമ്പത്- രണ്ടായിരത്തിപത്ത് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. സാർവത്രികസഭ വൈദികവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ വൈദികരെക്കുറിച്ചും വൈദികർ വഴി മനുഷ്യകുലത്തിനു മുഴുവൻ ലഭിച്ചുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവെയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ദിവ്യരക്ഷകനായ ക്രിസ്തുനാഥൻ മനുഷ്യരക്ഷക്കായി ആവിഷ്കരിച്ച പദ്ധതിയിൽ വൈദികർക്കും വൈദികരുടെ ശുശ്രൂഷകൾക്കും വളരെ നിർണ്ണായകരമായ സ്ഥാനമാണുള്ളത്. തന്റെ രക്ഷാകരദൗത്യം തുടരുന്നതിന് തന്നോടുകൂടെ ആശ്രയിക്കുവാനും രക്ഷയുടെ സന്ദേശം പ്രസംഗിക്കുന്നതിന് അയക്കപ്പെടുവാനും വേണ്ടി അവിടുന്ന് പന്ത്രണ്ട് പേരെ തിരഞ്ഞെടുത്ത് നിയോഗിച്ചു. ക്രിസ്തുവാകുന്ന മൂലക്കല്ലിൽ അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടിട്ടുള്ള സഭാസമൂഹത്തിന്റെ (എഫേ: 2.20) മുന്നോട്ടുള്ള പ്രയാണത്തിൽ അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ സഹപ്രവർത്തകരായി





സമൂഹത്തിന് ശുശ്രൂഷ അർപ്പിക്കുവാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് നിയുക്തരാകുന്നവരാണ് വൈദികർ.

ദൈവജനം മുഴുവനും മാമ്മോദീസയും സ്ഥൈര്യലേപനവും വഴി ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നവരാണെങ്കിലും (1 പത്രോ:2.9) തന്റെ ശരീരമായ സഭയ്ക്ക് ശുശ്രൂഷകളർപ്പിച്ച് അതിനെ സംരക്ഷിക്കുവാനും വളർത്തുവാനും വേണ്ടി പുരോഹിതരായും പ്രബോധകരായും ഇടയന്മാരായും വൈദികരെ നിയോഗിച്ചിരിക്കുന്നു (1 കൊറി:12: 27-31). ദൈവജനത്തെ വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും നിയുക്തരാകുന്ന വൈദികർ ക്രിസ്തുവിന്റെ ഈ മൂന്നു ദൗത്യങ്ങളിലാണു പങ്കുചേരുന്നത്. തിരുപ്പട്ടം വഴി ശുശ്രൂഷാപൗരോഹിത്യം സ്വീകരിക്കുന്ന വൈദികർ തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നത് മേൽപ്പറഞ്ഞ ദൗത്യങ്ങൾ വിശ്വസ്തതാപൂർവ്വം നിർവ്വഹിക്കുന്നതിലൂടെയാണ്. ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ ഓരോഘട്ടത്തിലും സഭാമക്കൾ വളരുന്നതും പരിപോഷിപ്പിക്കപ്പെടുന്നതും വിശ്വാസജീവിതത്തിൽ ദൃഢത പ്രാപിക്കുന്നതും ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന വൈദികരുടെ ശുശ്രൂഷക്ക് ഏറെ പ്രധാന്യം നൽകിപ്പോരുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. കുടുംബത്തിൽ പിതാവിനുള്ള സ്ഥാനം ഇടവകയാകുന്ന കുടുംബത്തിന്റെ കേന്ദ്രസ്ഥാനത്ത് നിൽക്കുന്ന വൈദികന് നമ്മൾ നൽകുന്നു. അതുപോലെ തന്നെ രൂപതയുടെ കേന്ദ്രസ്ഥാനത്തുള്ള മെത്രാന്മാരുടെ നേതൃത്വത്തെ നമ്മൾ അംഗീകരിക്കുന്നു.

വൈദികവർഷം പ്രഖ്യാപിക്കപ്പെട്ടതിന്റെ ഒരു ലക്ഷ്യം ലോകമെമ്പാടുമുള്ള വൈദികരുടെ ജീവിതം നവീകരിക്കപ്പെട്ട് വിശുദ്ധീകരിക്കുകയെന്നതാണ്. അതു സാധിക്കണമെങ്കിൽ വൈദികരും ദൈവജനം മുഴുവനും പൗരോഹിത്യമെന്ന ദൈവത്തിന്റെ മഹാദാനത്തെക്കുറിച്ചുള്ള തിരിച്ചറിവു സമ്പാദിക്കണം. മനുഷ്യകുലത്തിനു ദൈവം നല്കിക്കൊണ്ടിരിക്കുന്ന വലിയ ഒരു ദാനമാണ് പൗരോഹിത്യം. അഭിഷിക്തരാക്കുന്ന മെത്രാന്മാരെയും വൈദികരെയും ദൈവത്തിന്റെ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

തന്നെ സ്ഥാനത്ത് നമ്മൾ കാണുകയും അവരിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യം നമുക്ക് സംലഭ്യമാകുകയും ചെയ്യുന്നു എന്നാണല്ലോ നമ്മൾ വിശ്വസിക്കുക. ഒരു വൈദികനെ കാണുമ്പോൾ ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്നു നമ്മൾ പറയുന്നതിന്റെ അർത്ഥം അതാണ്. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ സുസ്തുതിക്കും പുരോഗതിക്കും വേണ്ടി അക്ഷീണം അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്നവരാണു നമ്മുടെ വൈദികർ. അതിൽ നമുക്ക് അഭിമാനിക്കാം. ഭാരതത്തിലും പുറത്തുമുള്ള പ്രേഷിതപ്രവർത്തരംഗത്തു സീറോമലബാർ സഭയുടെ വൈദികർ നിർണ്ണായകരമായ സംഭാവനകളാണു നല്കിക്കൊണ്ടിരിക്കുന്നത്. അജപാലനരംഗത്തു നമ്മുടെ സഭയിൽ ആത്മീയഗുരുക്കന്മാരായി പ്രവർത്തിക്കുന്നതോടൊപ്പം വൈദികർ വിദ്യഭ്യാസമേഖലയിലും സാമൂഹ്യപ്രവർത്തന തലങ്ങളിലും പ്രശംസനീയമായ സേവനമാണ് കാഴ്ച്ചവയ്ക്കുന്നത്. യേശുവിന്റെ സ്ഥാനത്തുനിന്നു അവർ നമ്മുടെ സഭയിൽ ചെയ്തുകൊണ്ടിരിക്കുന്ന സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷയ്ക്കു ദൈവത്തോടു ഞാൻ നന്ദി പറയുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

തങ്ങളുടെ വിളിയിൽ ഉറച്ച് നിന്ന് ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെ വിളിച്ച നാഥനോടു വിശ്വസ്തത പുലർത്തി പുരോഹിത ശുശ്രൂഷ തുടരുവാൻ വൈദികർ പ്രാപ്തരാകുന്നതിന് ദൈവജനം മുഴുവൻ അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടതുണ്ട്. ദീർഘമായ പ്രാർത്ഥനയ്ക്കു ശേഷമാണു ക്രിസ്തുനാഥൻ അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തത് (മാർക്കോ: 3:13-19). തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ അവിടുന്ന് ആഹ്വാനം ചെയ്തിരിക്കുന്നു (മത്താ:9-38). തന്റെ ജനത്തിനു വേണ്ടി ഇടയധർമ്മം അനുഷ്ഠിക്കാൻ പ്രാപ്തരായ ഇടയന്മാരെ ദൈവംതന്നെ തിരഞ്ഞെടുത്ത് അയ്ക്കുമെന്ന പ്രവാചകവചനം (എസെക്കിയൽ :34:11-16) പൂർത്തിയാക്കികൊണ്ട് നല്ല ഇടയനായി അവതരിച്ച ദൈവപുത്രന്റെ ദൗത്യമാണ് ബലഹീനരായ മനുഷ്യരിലൂടെ





ദൈവം നിറവേറ്റിക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ നിരന്തരമായ സഹായം വൈദികർക്ക് ആവശ്യമായിരിക്കുന്നു. നിത്യവും അവർക്കു വേണ്ടി പ്രാർത്ഥിക്കാൻ നാമെല്ലാവരും കടപ്പെട്ടിരിക്കുന്നു. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകില്ല (യോഹ: 15-5) എന്ന തിരുവചനം മുഴുവനും ഹൃദയത്തിൽ ഏറ്റുവാങ്ങേണ്ടതുണ്ട്.

വൈദികവർഷപ്രഖ്യാപനത്തിന്റെ പശ്ചാത്തലം ആർസിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനിയുടെ 150-ാം ചരമ വാർഷികമാണ്. 1859-ൽ നിര്യാതനായ അദ്ദേഹം ഇടവകവികാരിമാരുടെ മദ്ധ്യസ്ഥനായിട്ടാണ് അറിയപ്പെട്ടിരുന്നത്. വൈദികവർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അദ്ദേഹത്തെ എല്ലാ വൈദികരുടെയും മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു കഴിഞ്ഞു. 2009-ലെ തിരുഹൃദയത്തിരുനാളിൽ ആരംഭിച്ച വൈദികവർഷം 2010-ലെ തിരുഹൃദയത്തിരുനാളിലാണ് സമാപിക്കുക. തിരുഹൃദയത്തിരുനാൾ വൈദികരുടെ വിശുദ്ധീകരണദിനവും കൂടിയാണ്. ആർസിലെ വികാരിയായിരുന്ന വി. ജോൺ മരിയ വിയാനി ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടത് ദൈവസ്നേഹം മന്ദീഭവിച്ച ഒരു ഇടവകയിലേക്കായിരുന്നു. എന്നാൽ അദ്ദേഹത്തിലൂടെ ദൈവം അവിടെ അത്ഭുതങ്ങൾ പ്രവവർത്തിച്ചു. ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ ഒരു വിനീത ഉപകരണമായി അദ്ദേഹം അവിടെ പ്രവർത്തിച്ചു. നമ്മുടെ നാട്ടിൽ അടുത്തകാലത്ത് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ ഇടവകവൈദികരുടെ മറ്റൊരു ഉജ്ജ്വല മാതൃകയാണ്. വിനയാന്വിതനായ അദ്ദേഹം തന്റെ എളിയ ശുശ്രൂഷയിലൂടെ വിശുദ്ധിയുടെ പാരമ്യത്തിലെത്തിയ പുണ്യാത്മാവാണ്.

വൈദികരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും അവർ നൽകുന്ന നേതൃത്വത്തോട് സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

നല്ല പാരമ്പര്യമാണ് പൊതുവേ നമ്മൾ പുലർത്തിപോരുന്നത്. ദൈവ രാജ്യസ്ഥാപനമെന്ന ക്രിസ്തുനാഥന്റെ സങ്കല്പത്തെ യാഥാർത്ഥ്യ മാക്കുന്നതിൽ വൈദികഗണത്തോടു ചേർന്നു പ്രവർത്തിക്കുന്നവ രെന്ന നിലയിൽ അല്മായർക്കു നിർണ്ണായകമായ സ്ഥാനമാണ് സഭ യിലുള്ളത്. വൈദികവർഷാചരണത്തോടുകൂടി വൈദികരും അല്മാ യരും തമ്മിലുള്ള ആത്മബന്ധം കൂടുതൽ ആഴപ്പെടണം. അതോ ടൊപ്പം ദൈവത്തിനും സഭയ്ക്കും വേണ്ടി സമർപ്പിക്കപ്പെട്ടവരെന്ന നിലയിൽ വൈദികർ കൂടുതൽ ഫലപ്രദമായ ശുശ്രൂഷയ്ക്ക് നിസ്വാർ ത്ഥമായ ആത്മാർപ്പണത്തിലൂടെ സജ്ജരാകണം. നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ:15-16) എന്നും യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്നും (മത്താ:28-20) വാഗ്ദാനം ചെയ്ത നാഥൻ നമ്മെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കാം. വൈദികരുടെ രാജ്ഞിയും നമ്മുടെ അമ്മയു മായ പരിശുദ്ധ കന്യാമറിയത്തിന്റെ മാധ്യസ്ഥ്യത്തിനും സംരക്ഷണ ത്തിനുമായി നമ്മുടെ എല്ലാ വൈദികരേയും നമുക്ക് സമർപ്പിക്കാം. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോ ലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് നവംബർ മാസം 4-ാം തീയതി നൽകപ്പെട്ടത്.

വർക്കി കാർഡിനൽ വിതയത്തിൽ

സീറോ- മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്.

---

NB: ഈ ഇടയലേഖനം ജനുവരി 10-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ





# 2010 ജനുവരി 24 മദ്യവിരുദ്ധ ഞായർ

## കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

സ്നേഹമുള്ള സഹോദരീ സഹോദരങ്ങളെ,

ഈ വർഷം ജനുവരി 24-ാം തീയതി മദ്യവിരുദ്ധ ഞായറായി ആച രിക്കുന്നു. മദ്യവിമുക്ത ജീവിതത്തിലേയ്ക്ക് ആളുകളെ ആകർഷിക്കും വിധം പോസ്റ്ററുകൾ, ബാനറുകൾ, സെമിനാർ, റാലി, പ്രതിരോധധർണ്ണ കൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ച് ഈ ദിവസം ഫലപ്രദമാ ക്കണമെന്ന് രൂപതാ സമിതികളോട് അഭ്യർത്ഥിക്കുന്നു.

മദ്യോപയോഗം ദിനം പ്രതി വർദ്ധിക്കുന്നതായി വാർത്താമാധ്യമ ങ്ങൾ രേഖപ്പെടുത്തുന്നു. ഓണം, ക്രിസ്തുമസ് മുതലായ ആഘോ ഷാവസരങ്ങളിൽ ഈ വർദ്ധന പ്രത്യേകം ശ്രദ്ധേയമാകുന്നു. കൗമാര പ്രായത്തിലും യുവജനങ്ങളിലും മദ്യോപയോഗം ഏറിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യപിക്കുന്നവരുടെ ശരാശരി വയസ്സ് 18-ൽ നിന്ന് 13 ആയി താണിരിക്കുന്നു. മദ്യപാനം ആരംഭിക്കാൻ പല കാരണങ്ങൾ പറയാനുണ്ടെങ്കിലും ഇന്നു കാണുന്ന അമിത വർദ്ധന യ്ക്ക് പ്രധാന കാരണം, മദ്യം എവിടെയും എപ്പോഴും ആർക്കും സുല ഭമാണെന്നതു തന്നെ. എളുപ്പത്തിൽ കിട്ടുന്നത്, ഏറെ കുടിക്കാൻ പ്രേരണയാകുന്നു. ഏറെ ആളുകൾ കുടിക്കുന്നുവെന്നത് കൂടുതൽ കൂടുതൽ മദ്യം ലഭ്യമാക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നുവെന്നും വാദിക്കുന്നവരുണ്ട്. കക്ഷിപരിഗണനക്കതീതമായി എല്ലാ രാഷ്ട്രീയ ക്കാരും മദ്യത്തിന്റെ ഉത്പാദന വിതരണ മേഖലകളിൽ അതീവ തല്പ രരാണ്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിൽ അവർ വലിയ പങ്കു വഹിക്കുന്നു.

എന്നാൽ, പവിത്രമായ ഇന്ത്യൻ ഭരണഘടനയിൽ വിശ്വസി ക്കുന്നവർക്കു ഈ മദ്യവർദ്ധനയ്ക്ക് അനുകൂലമായി ചിന്തിക്കാൻ കഴി യുകയില്ല. കാരണം, രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നതും എല്ലാറ്റിനെയും നിയന്ത്രിക്കുന്നതുമായ ഭരണഘടന ഇതു വിലക്കിയിരിക്കുന്നു. ആർട്ടിക്കിൾ 47-ൽ ഔഷധാ വശ്യങ്ങൾക്കല്ലാതെ മദ്യം ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ



Palakkad Rupatha Bulletin
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

വിതരണം ചെയ്യുകയോ പാടില്ല. കാരണം,ഇതു ആരോഗ്യത്തിനു ഹാനികരമായ വസ്തുവാണ്. മദ്യത്തിലെ മുഖ്യാംശം ഈതൈൽ ആൽക്കഹോളാണ്. മനുഷ്യനെ കൊല്ലാൻ പറ്റുന്ന വിഷമാണിത്. ഉപയോഗിക്കുന്നവൻ സാവകാശം മരിക്കുന്നു. മദ്യപിച്ചു മരിക്കുന്നവരുടെ ശരാശരി വയസ്സ് 30 ആയി താണിരിക്കുന്നു. ഒരു ജനതയുടെ ആരോഗ്യഹാനിക്കു നേരിട്ടു പങ്കു വഹിക്കാവുന്ന മദ്യമെന്ന ഈ വിഷത്തിന്റെ ഉത്പാദനവും വിതരണവും ജനക്ഷേമമാഗ്രഹിക്കുന്ന സർക്കാർ പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇങ്ങനെ ചെയ്യുന്ന സർക്കാർ ഭരണഘടനാലംഘനം നടത്തുന്നു.

രാജ്യത്തെ പൗരന്റെ ആരോഗ്യം സംരക്ഷിക്കേണ്ട ചുമതലയുള്ള സർക്കാർ തന്നെ വിപരീതമായി ആരോഗ്യം നശിപ്പിക്കുന്ന വിഷവസ്തു ഉണ്ടാക്കാനും വിതരണം ചെയ്യാനും തുനിയുന്നത് അതിഗൗരവമായ തെറ്റാണ്. മദ്യപാനത്തിന്റെ അതിദാരുണമായ ദുഷ്ഫലങ്ങൾ അനുഭവിക്കുന്ന ആളുകൾ ഒരുമിച്ചിതിനെ എതിർക്കണം. ഇതു തടയാൻ കോടതിക്കു കഴിയും. മദിപ്പിക്കുന്ന വസ്തുവാണ് മദ്യം. ഇത് ഞരമ്പുകളെ തളർത്തി, ബുദ്ധി മന്ദിപ്പിച്ച്, മനുഷ്യനെ മൃഗമാക്കുന്നു. മദ്യമുണ്ടാക്കാൻ ഇന്ത്യയിലെ ഒരു വ്യക്തിക്കും അധികാരമോ അവകാശമോ ഇല്ല. ഒരു സർക്കാരിനും ഇതു അനുവദിക്കാനാവില്ല എന്ന് 1975-ൽ സുപ്രീം കോടതി വ്യക്തമാക്കി വിധി പ്രസ്താവിച്ചിട്ടുണ്ട്. ഇതേ വർഷം തന്നെ ഭരണഘടനാബഞ്ച്, മദ്യമുണ്ടാക്കുകയോ വച്ചു സൂക്ഷിക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്നത് ആരുടെയും സർക്കാരിന്റെ പോലും മൗലികാവകാശമല്ലെന്നു പ്രഖ്യാപിച്ചിട്ടുണ്ട് (1975 (1) Sec. 19). ഒപ്പം മദ്യത്തിന്റെ ഉത്പാദന - വിതരണ - ഉപയോഗങ്ങൾ തടയുവാൻ, ഭാരതത്തിലെ എല്ലാ പൗരന്മാർക്കും, അവകാശവും ബാധ്യതയുമുണ്ടെന്നും വിശദീകരിച്ചുകൊണ്ടാണ് ഈ വിധി നൽകിയത്. വീണ്ടും അതേ വർഷം, മദ്യപാനം (Liquor Trafficing is a source of Crime & Pan perison) ദാരിദ്യവും കുറ്റങ്ങളും വർദ്ധിപ്പിക്കുന്നു (1975(7) Sec. 735 P. 758). ഭരണഘടനയിലെ ആർട്ടിക്കിൾ 141,142 പ്രകാരം മേൽപ്പറഞ്ഞ വിധി രാജ്യത്തിന്റെ നിയമമാണ്. വകുപ്പ് 51A പ്രകാരം എല്ലാ പൗരന്മാരും, ദാരിദ്യത്തിനും കുറ്റങ്ങൾക്കും കാരണമാകുന്ന വസ്തു ഉന്മൂലനം ചെയ്യാൻ ബാധ്യസ്ഥനാണ്. ഭരണഘടനയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിനും, അതു സർക്കാരാകട്ടെ, പ്രാദേശിക ഭരണകൂടമാകട്ടെ, ദാരിദ്യത്തിനും, കുറ്റങ്ങൾക്കും നിദാനമായ





വസ്തുവിനെ നിയമപര(ഘലഴമഹശലെ)മാക്കാനവകാശമില്ല. കേരള ഹൈക്കോടതിയിലെ ഒരു ഡിവിഷൻ ബഞ്ച് 1984-ൽ മദ്യ വ്യാപാരം ഉപദ്രവകരവും അപകടകരവുമായ വസ്തുവിന്റെ വിനിമയമാണെന്നു പ്രഖ്യാപിച്ചു.

1986 (KCT 1265) വിധിയിൽ മദ്യപിക്കാനോ മദ്യം വാങ്ങാനോ ഒരുമ്പെട്ടു പോകുന്ന ഒരാളെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയോ തടയുകയോ ചെയ്യുന്നത് കുറ്റകരമല്ലെന്ന് 1986 -ൽ ജസ്റ്റിസ് K.T. തോമസ് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. മദ്യം വിൽക്കാനോ വാങ്ങാനോ അതിനു പറ്റിയ കട നടത്താനോ ഒരു പൗരനും മൗലികാവകാശമില്ല. ഇത്തരം പ്രവൃത്തികൾക്ക് നിയമപരമോ ധാർമ്മികമോ ആയ അടിസ്ഥാനമില്ല. കാരണം ഒന്നേയുള്ളൂ. മദ്യം ആരോഗ്യത്തിന് ഹാനികരമായ വസ്തുവാണ്. ആരോഗ്യത്തിനു ഹാനികരമെന്നതിലുപരി മദ്യം കുറ്റകൃത്യങ്ങൾക്കു പ്രേരിപ്പിക്കുന്ന ഒരു വസ്തുവും കൂടിയാണ്. മദ്യം ഉള്ളിൽ ചെന്ന് അധികം വൈകാതെ തന്നെ ലഹരി തലയ്ക്കു പിടിച്ച് മനുഷ്യന്റെ മനഃസ്വാതന്ത്ര്യം നഷ്ടപ്പെട്ട്, കാട്ടികൂട്ടുന്ന വിക്രിയകൾ ആർക്കാണറിയാത്തത്? ഡ്രൈവറില്ലാതെ ഓടുന്ന വാഹനം പോലെയാണ് മദ്യപിച്ചവൻ. അവനും മറ്റുള്ളവർക്കും വരുത്തുന്ന നാശവും കുറ്റകൃത്യങ്ങളും അതിഗുരുതരവും ഊഹാതീതവുമാണ്. മദ്യലഹരിയിൽ നരഹത്യമുതൽ ആത്മഹത്യവരെ, അനേകം കുറ്റങ്ങൾ ചെയ്യപ്പെടുന്നത്, ഇന്ത്യൻ നിയമത്തിൽ കടുത്ത ശിക്ഷക്കർഹമാണ്.

ലഹരി ഉപയോഗവും നിയമലംഘനവും തമ്മിലും വലിയ ബന്ധമുണ്ട്. നിയമം ലംഘിച്ചു ചെയ്യുന്ന പല സംഭവങ്ങളിലും മദ്യത്തിന്റെ വിളയാട്ടമുണ്ട്. കൂലിത്തല്ല്, ഭവനഭേദനം, കൊലപാതകം എന്നു വേണ്ട, കൂട്ട ബലാൽസംഗം വരെ നടക്കുന്നതു മദ്യലഹരിയിലാണ്, അനവധി പത്രവാർത്തകൾ ഇത് തെളിയിക്കുന്നു. ഒരു കുപ്രസിദ്ധ സ്ത്രീപീഡന കേസിൽ ശിക്ഷിക്കപ്പെട്ട 35 പേരും മദ്യലഹരിയിലായിരുന്നു. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണല്ലോ തിരഞ്ഞെടുപ്പു ദിവസങ്ങളിൽ സമ്പൂർണ മദ്യ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ഇലക്ഷന്റെ അന്നും തലേദിവസവും സംസ്ഥാനത്തെ അല്ലെങ്കിൽ മണ്ഡലത്തിലെ എല്ലാ ഷാപ്പുകളും അടച്ചു പൂട്ടിയിരിക്കണമെന്നത് നിർബന്ധമുള്ള കാര്യമാണ്. മഹാത്മഗാന്ധിയുടെയും ശ്രീ നാരായണഗുരുവിന്റെയും ജന്മ, സമാധി ദിവസങ്ങളുടെയും പാവനമായ ആചരണത്തിനും ഷാപ്പുകളടച്ച് മദ്യലഭ്യത നിരോധിക്കുന്നില്ലേ, സർക്കാർ?



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

1947-ൽ തിരുക്കൊച്ചിയിൽ മദ്യനിരോധന നിയമം (Act of 1947 & 1948) നിലവിലിരുന്നു. മലബാർ, മദ്രാസ് പ്രവിശ്യയിലുൾപ്പെട്ടിരുന്നതിനാൽ 937 മുതൽ അവിടെയും മദ്യനിരോധന നിയമമുണ്ടായിരുന്നു (Malabar Prohibition Act of 1937). തിരുക്കൊച്ചി സംസ്ഥാനത്ത് എല്ലാ വിധ ലഹരി വസ്തുക്കളും (Liquor) നിരോധിച്ചുകൊണ്ട് TC Prohibitions Act of 1950 തിരുക്കൊച്ചി പ്രജാസഭ പാസ്സാക്കിയിരുന്നു. ഈ നിയമം 1960-ൽ Act 25 ആയി കേരള സംസ്ഥാനത്ത് പരിഷ്കരിച്ചിരുന്നു. 1967 വരെ ഈ നിയമം തുടർന്നിരുന്നു. നിയമ വിരുദ്ധമായ ഒരു നടപടി ക്രമത്തിലൂടെ SRO No. 104/67 ആയി 1967 ഏപ്രിൽ 28-ന് സർക്കലറുപയോഗിച്ച് 30 വർഷം നിലവിലിരുന്ന മദ്യ നിരോധനം ഇ.എം.എസ്. സർക്കാർ പിൻവ ലിച്ചു. 1967 മുതലുള്ള കാലഘട്ടത്തിൽ കുറ്റകൃത്യങ്ങളും വാഹനാപക ടങ്ങളും അതിനു മുമ്പുണ്ടായിരുന്ന 30 വർഷത്തേക്കാൾ അനേകം മടങ്ങു വർദ്ധിച്ചതായി പോലീസിന്റെയും ക്രിമിനൽ കോടതിയുടേയും രേഖകൾ പരിശോധിച്ചാലറിയാം.

1970, 80, 90, 2000 എന്നീ നാലു ദശകങ്ങളിലെ കണക്കുകൾ പരി ശോധിച്ചാൽ ഉണ്ടാക്കിയ മദ്യത്തിലും ഉപയോഗിച്ച ആളുകളുടെ എണ്ണ ത്തിലും ഉണ്ടായ വർദ്ധന അതിഭീമവും ഭീകരവുമാണ്. വർദ്ധിച്ച മദ്യ ദുരന്തങ്ങൾ വാഹനാപകടങ്ങൾ, പെരുകിയ കുടുംബ കലഹങ്ങൾ തത്ഫലമായുണ്ടായ ആത്മഹത്യകൾ, കർഷക ആത്മഹത്യകൾ ഇവ യുടെയെല്ലാം പിന്നിൽ മദ്യപാനമായിരുന്നു വില്ലൻ.

മദ്യം ആരോഗ്യത്തിന് ഹാനികരമാണെന്ന് സർക്കാരും സമ്മതിക്കുന്നു. ഈ വസ്തു മാരകമാണെന്നും വിഷകരമാണെന്നും അർത്ഥം വരുന്ന noxious & deleterious എന്നീ രണ്ടു വാക്കുകളി ലൂടെയാണ് ഇക്കാര്യം ഭരണഘടനയിൽ വിവക്ഷിച്ചിരിക്കുന്നത്. മദ്യമുപയോഗിക്കുന്നവൻ തന്റെ ആരോഗ്യത്തിനു മാത്രമല്ല, താനുൾ പ്പെടുന്ന വിശാലസമൂഹത്തിന്റെയും ആരോഗ്യത്തിന് ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യഹാനി വരുത്തുന്നു. രാഷ്ട്ര ത്തിലെ പൗരന്മാരുടെ മനസ്സാക്ഷിക്കു രൂപം നല്കുന്ന ഭരണഘടന ഒരു സുപ്രധാന നിർദ്ദേശം വഴി, ലഹരി പിടിപ്പിക്കുന്ന മദ്യത്തിന്റെ ഉത്പാദനം, മിശ്രണം, കൈവശം സൂക്ഷിക്കൽ, കൊണ്ടു പോകൽ, വാങ്ങൽ, വിൽക്കൽ തുടങ്ങിയ വ്യാപാരങ്ങൾ ഔഷധ പരമായ കാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. ഭരണഘടനാ പരമായ ഈ സത്യത്തിലൂന്നിനിന്നുകൊണ്ടാവണം, സംസ്ഥാനങ്ങൾ





നിയമങ്ങളുണ്ടാക്കാൻ എന്ന്, ആർട്ടിക്കിൾ 246-ൽ രണ്ടും മൂന്നും വിഭാഗങ്ങൾ നിഷ്കർഷിക്കുന്നു. ഭരണഘടനയോടനുബന്ധമായ ഏഴാം ഷെഡ്യൂളിൽ സംസ്ഥാനം നിയമമുണ്ടാക്കേണ്ട വിഷയങ്ങളുടെ രണ്ട് ലിസ്റ്റ് ചേർത്തിട്ടുണ്ട്. അതിൽ രണ്ടാമത്തേതിലാണ്, ലഹരിപ്പിച്ച് മദിപ്പിക്കുന്ന മദ്യ (intoxicating liquor) ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ലിസ്റ്റിൽ 113 കാര്യങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും, എട്ടാമത്തെ കാര്യത്തെ ക്കുറിച്ച് മാത്രമേ, സംസ്ഥാനം വ്യക്തമായ നിയമം ഉണ്ടാക്കണമെന്ന് കണിശമായ നിബന്ധന പറഞ്ഞിട്ടുള്ളൂ. ഇതാണ് ആർട്ടിക്കിൾ 47. അതായത് ഔഷധാവശ്യത്തിനു മാത്രമേ ലഹരിപ്പിക്കുന്ന മദ്യം, ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ കടത്തികൊണ്ടു പോവുക യോ ചെയ്യാവൂ എന്ന്.

ഒന്നുകൂടി വ്യക്തമാക്കിയാൽ, ഔഷധാവശ്യത്തിനല്ലാതെ മദ്യത്തി ന്റെ വ്യാപകമായ ഉത്പാദനം ഒരു പൗരനും അനുവദിച്ചിട്ടില്ല. ഇതിൽ നിന്നു വ്യത്യസ്തമായോ ഇതിനു വിപരീതമായോ ഏതു സർക്കാർ നിയമം ഉണ്ടാക്കിയാലും, ഭരണഘടന ഭാരതപൗരനും നല്കുന്ന അവകാശങ്ങൾക്ക് വിരുദ്ധമാകയാൽ, അതനുസരിക്കാൻ നാം ബാധ്യസ്ഥരല്ല. പകരം, അത് എതിർക്കാൻ നമുക്കവകാശവും സമൂഹ നന്മയ്ക്കുവേണ്ടി അതു ചെയ്യാൻ ബാധ്യസ്ഥരുമാണ്. ഭക്ഷ്യവസ്തു നിയമമനുസരിച്ച്, മദ്യം ഒരു ഭക്ഷണമോ പാനീയമോ അല്ല. ഭക്ഷണ ത്തിൽ ചേർക്കാവുന്ന ഒരു മായവസ്തുവോ അല്ല. അതു വെറും വിഷ മായ ഒരു ഹാനിവസ്തു മാത്രമാണ്. മദ്യം മരുന്നിനു മാത്രമേ ഉപയോ ഗിക്കാവൂ,

സർക്കാർ അനുമതിയോടെ നടക്കുന്ന മദ്യത്തിന്റെ ഉത്പാദന വിതരണങ്ങൾക്കെതിരെ മദ്യവിരുദ്ധപ്രവർത്തകർ ചെയ്തുകൊണ്ടി രിക്കുന്ന ധർണ്ണ, സത്യാഗ്രഹം തുടങ്ങിയ പ്രതിരോധപ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. ഭരണഘടന അനുവദിക്കുന്ന അവകാശ ങ്ങൾക്കായി നടത്തുന്ന പോരാട്ടങ്ങൾക്ക് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി എല്ലാ പിന്തുണയും നല്കുന്നു. ദൈവാനുഗ്രഹം നേർന്നു കൊണ്ട് നിറുത്തുന്നു.

ബിഷപ് സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ
ചെയർമാൻ
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

പി.ഒ.സി., കൊച്ചി,
18.12.2009



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# From the Bishop's Diary

**January, 2010**

| | | |
|---|---|---|
| 1 | | Vestition, Perimpadari |
| 2 | A.M. | Kalady |
| | P.M. | Divine Retreat Centre |
| 3 | | Kunuiamuthur |
| 5 | | Monthly Recollection, Kallepully |
| 7 | A.M. | Melarkode |
| 9 | A.M. | Ordination, VRT Baleswaram |
| | P.M. | Finance Council Meeting |
| 10 | P.M. | Elanadu |
| 11-15 | | SyroMalabar Bishop's Synod |
| 16 | P.M. | Divine Dhyana Illam,Coimbatore |
| 17 | A.M. | Poomarket |
| | P.M. | Kaundampalaym |
| 19 | | Presbyeral Council Meeting |
| 21-23 | | Meeting, Ernakulam |
| 24 | | Kodamthuruthu |
| 25 | P.M. | Kanikkamatha School, Palakkad |
| 26 | A.M. | Meeting, Pastoral Centre |
| | | Bharathmatha Ahsram |
| 27 | P.M. | Pothundy |
| 30 | A.M. | Chavara School, Coimbatore |
| | P.M | Pombra |
| 31 | | Sulur |

**February 2010**

| | | |
|---|---|---|
| 4 | | Sehion Retreat Centre, Thavalam |
| 5 | | Kottayam |
| 7 | | Chulliamkulam |
| 8-9 | | Priests & Tri Monthly Meeting, Yuvakshetra |
| 10-11 | | Catechism Commision Meeting, Kakkanad |
| 12 | | Marine Drive Convention |
| 13 | A.M. | Pastoral Council Meeting |
| | P.M. | Koonathara |
| 14 | A.M. | Kozhijampara |
| | P.M. | Kollenkode |
| 15 | A.M. | Cathedral, Palakkad |
| 17-18 | | Mangalapuzha Semianary, Alwaye |
| 21-28 | | CBCI Meeting, Gowhatti |





# From the Bishop's Office

**നവവൈദികർക്ക് പ്രാർത്ഥനാശംസകൾ**

നമ്മുടെ രൂപതയ്ക്ക് വേണ്ടി തിരുപ്പട്ടം സ്വീകരിച്ച ഫാ. സനൽ കുറ്റിപ്പുഴക്കാരൻ (ചേരുംകുഴി), ഫാ. അനു കളപ്പുരക്കൽ (പന്തലാംപാടം), ഫാ. ഷിജോ മാവറയിൽ (കാഞ്ഞിരപ്പുഴ), ഫാ. ജോമി തേക്കുംകാട്ടിൽ (പാലക്കയം), ഫാ. സീജോ കാരിക്കാട്ടിൽ (ത്രിത്വമല)എന്നിവർക്ക് പ്രാർത്ഥനാശംകൾ.

**മാസധ്യാനം**

ബഹുമാനപ്പെട്ട വൈദികരുടെ ജനുവരി 2010–ലെ ധ്യാനം 5–ാം തിയ്യതി കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. അന്നേ ദിവസം നവവൈദികർക്ക് സ്വീകരണം നൽകുന്നതാണ്. എല്ലാ ഇടവക വൈദികരും ധ്യാനത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സഭൈക്യവാരം**

ജനുവരി 18 മുതൽ 25 വരെ നടത്തപ്പെടുന്ന സഭൈക്യവാരം ഓരോ ഇടവകയും സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിവിധ ക്രിസ്തീയ സഭകളുടെ ഐക്യത്തിനായി നമുക്ക് ഈ അവസരത്തിൽ പ്രാർത്ഥിക്കാം.

**ബുള്ളറ്റിൻ വരിസംഖ്യ**

രൂപതാ ബുള്ളറ്റിന്റെ വാർഷിക വരിസംഖ്യ 180 രൂപയായി ഉയർത്തിയിരിക്കുന്നു.

**വാർഷിക സ്ഥിതി വിവര കണക്കുകൾ**

ഇടവകകളും സ്ഥാപനങ്ങളും 2009 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക സ്ഥിതി വിവരകണക്കുകൾ തയ്യാറാക്കി ജനുവരി 25–നു മുമ്പ് രൂപതാ ചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്. സ്ഥിതി വിവര കണക്കുകൾ നൽകുവാനുള്ള ഫോം ജിം ഓഫ്സെറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രൂപതാ ഓഫീസ് കൗണ്ടറിൽനിന്ന് ലഭിക്കുന്നതാണ്.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

**അഭിനന്ദനങ്ങൾ**

**ജെയ്ക്രിസ്റ്റോ പ്രൊവിൻസ്, പാലക്കാട്**

സി. പുഷ്പ മദർ പ്രൊവിൻഷ്യാൾ, സി. ഫിൻബർ (അസി. പ്രൊവിൻഷ്യാൾ), കൗൺസിലേഴ്സ് : സി. സുനിത, സി. ഹിത, സി. പ്രിയ, സെക്രട്ടറി : സി. ജിൻസി മരിയ, ഫൈനാൻസ് : സി. ലയ.

**സെറാഫിക് പ്രൊവിൻസ്, പാലക്കാട്**

സി. ക്രിസറ്റ് മദർ പ്രൊവിൻഷ്യാൾ, കൗൺസിലേഴ്സ് : സി. റീന, സി. മേരി ഫ്രാൻസിസ്, സി. ലിറ്റിൽ ഫ്ളവർ, സി. ത്രേസീന, സി.ആസ്മിൻ, സി. ദീപ്തി.

**വിമൽ റാണി പ്രൊവിൻസ്, പാലക്കാട്**

പ്രൊവിൻഷ്യാൾ സുപ്പീരിയർ : മദർ വിൻസെൻഷ്യ , വൈസ് പ്രൊവിൻഷ്യാൾ : സി. ഡോമിറ്റീല, കൗൺസിലേഴ്സ് : സി. ഗെയിൽസ്, സി. ലിൻസ, സി. ഗയ, ഫൈനാൻസ് ഓഫീസർ : സി. വിമല, സെക്രട്ടറി : സി. ടീന.

# Family Apostolate

**പ്രീകാന കോഴ്സ്**

**2010 ജനുവരി 4, 5, 6, 7, ഫെബ്രുവരി 1, 2, 3, 4**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2010 ജനുവരി 03 മുതൽ 08 വരെ 17 മുതൽ 22 വരെ

ഫാ. ബെന്നി പീറ്റർ

**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 02-02-10 | TUE | Rev. Fr. Thekkinedath Joby |
| 03-02-10 | WED | V. Rev. Fr. Theruvankunnel George |
| 04-02-10 | THU | Rev. Fr. Thoonikavil Jose Prakas |
| 05-02-10 | FRI | Rev. Fr. Thottankara Francis |
| 06-02-10 | SAT | V. Rev. Fr. Thottian Paul |
| 08-02-10 | MON | Rev. Fr. Thukkuparambil Betson |
| 09-02-10 | TUE | Rev. Fr. Thuruthuvelil Nilesh |
| 10-02-10 | WED | Rev. Fr. Thuruthipally George |
| 11-02-10 | THU | Rev. Fr. Vadakkekara Goji |
| 12-02-10 | FRI | Rev. Fr. Vadakkekara Tom |
| 13-02-10 | SAT | V. Rev. Fr. Vadakkumchery Thomas |
| 15-02-10 | MON | Rev. Fr. Vadakken Jaison |
| 16-02-10 | TUE | Rev. Fr. Valayathil Xavier |
| 17-02-10 | WED | Rev. Fr. Vattayil Xavier |
| 18-02-10 | THU | Rev. Fr. Vattukalathil Saji |
| 19-02-10 | FRI | V. Rev. Fr. Vazhayil Mathew |
| 20-02-10 | SAT | Rev. Fr. Vazheparambil Sebastian |
| 22-02-10 | MON | Rev. Fr. Veepattuparambil John |
| 23-02-10 | TUE | Rev. Fr. Velliamkandathil Jaijin |
| 24-02-10 | WED | Rev. Fr. Ackaparambil Joyson |
| 25-02-10 | THU | V. Rev. Fr. Aippanparambil Dominic |
| 26-02-10 | FRI | Rev. Fr. Alappadan Joseph |
| 27-02-10 | SAT | Rev. Fr. Aloor John |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

# വിശ്വാസ പരിശീലനം

**പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സമ്മേളനവും ലോഗോസ് ക്വിസ് അവാർഡ് ദാനവും.**

സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം 2010 ജനുവരി 26-ാം തിയ്യതി രാവിലെ 9.30 മുതൽ 1.00 മണി വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാ സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരും, സെക്രട്ടറിമാരും പ്രസ്തുത സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

രാവിലെ 9.30ന് നടക്കുന്ന മീറ്റിംഗിൽ വച്ച് ലോഗോസ്ക്വിസ് 2009ലെ വിജയികൾക്കുള്ള സമ്മാനദാനം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നതാണ്. രൂപതാതലത്തിൽ 1,2,3 റാങ്കുകൾ ലഭിച്ചവരും 4,5 സ്ഥാനം ലഭിച്ചവരും സൺഡേ സ്കൂൾതലം V മുതൽ IIHDC വരെയുള്ള ഓരോ ക്ലാസ്സിലേയും 1, 2, 3 സ്ഥാനക്കാരും പ്രസ്തുത മീറ്റിംഗിൽ സന്നിഹിതാരകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

A വിഭാഗത്തിൽ 60% മേൽ മാർക്ക് ലഭിച്ചവർക്കും B, C, D, E വിഭാഗങ്ങളിൽ 70%ൽ കൂടുൽ മാർക്ക് ലഭിച്ചവർക്കും സർട്ടിഫിക്കറ്റുകൾ ഓരോ ഇടവകകൾക്കുമുള്ള കിറ്റിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും, ആനുപാതികമായി കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്ത ഇടവകകൾക്കും, 100% പരീക്ഷ എഴുതിയ സണ്ടേ സ്കൂളുകൾക്കുമുള്ള ട്രോഫികളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നതാണ്.

**രണ്ടാം സെമസ്റ്റർ സണ്ടേസ്കൂൾ പരീക്ഷകൾ**

10,11,12 ക്ലാസ്സുകളിലെ രണ്ടാം സെമസ്റ്റർ പരീക്ഷ 2010 ജനുവരി 31-ാം തിയ്യതി ഞായറാഴ്ച്ചയാണ്.പരീക്ഷ 80 മാർക്കിൽ ആയിരിക്കും. ജനറൽ ക്വിസിൽ നിന്നും രണ്ടാം ഭാഗത്തിലെ ആദ്യത്തെ 100 ചോദ്യങ്ങളിൽ (211-311) നിന്ന് 5 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ബൈബിൾ ഭാഗം ഉല്പത്തി 39-50 അദ്ധ്യായങ്ങൾ. X. XII ക്ലാസ്സുകളിലെ ഉത്തരക്കടലാസുകളിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക. ഉത്തരക്കടലാസിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഫെബ്രുവരി 1-ാം തിയ്യതി ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കണം.

**10th, IIHDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ്**

ഞായറാഴ്ച്ച വേദോപദേശത്തിന്റെ 10th, II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാനുള്ള ഫോമുകളും സർട്ടിഫിക്കറ്റുകളും മതബോധന കേന്ദ്രത്തിൽ ലഭ്യമാണ്. സർട്ടിഫിക്കറ്റുകൾ യൂണിറ്റുകളിൽ തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ഫോമുകളും സർട്ടിഫിക്കറ്റുകളും ഫെബ്രുവരി 1-ാം





തിയ്യതി ഉത്തരകടലാസ്സിനൊപ്പം മതബോധനകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സർട്ടിഫിക്കറ്റുകൾ പൂരിപ്പിക്കുമ്പോൾ ജനനതിയ്യതി, മാമ്മോദീസ തിയ്യതി തുടങ്ങിയ എല്ലാ കാര്യങ്ങളും കൃത്യമായും നിർബന്ധമായും പൂരിപ്പിച്ച് നൽകണം. സർട്ടിഫിക്കറ്റുകൾ പൂരിപ്പിച്ചുനൽകുന്ന അവസരത്തിൽ സർട്ടിഫിക്കറ്റ് ഫീസായ 10/- രൂപയും ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്

**സൺഡേ സ്കൂൾ- കേന്ദ്രീകൃത മൂല്യനിർണ്ണയം.**

X, II HDC ക്ലാസ്സുകളിലെ ഉത്തരകടലാസ്സുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഫെബ്രുവരി 14-ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9.30 മണി മുതൽ പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നതാണ്. 10-ാം ക്ലാസ്സിലെയും II HDCക്ലാസ്സിലെയും പഠിപ്പിക്കുന്ന എല്ലാ മതാദ്ധ്യാപകരും സന്നിഹിതരാകേണ്ടതാണ്. മൂല്യ നിർണ്ണയത്തിന് വരുന്നവർക്ക് വേണ്ടി വിശുദ്ധ കുർബ്ബാന പാസ്റ്ററൽ സെന്ററിൽ വെച്ച് ഉണ്ടായിരിക്കുന്നതാണ്.

NB : പഠിപ്പിക്കുന്ന പുസ്തകങ്ങളും കൂടെ കൊണ്ടുവരേണ്ടതാണ്.

**I-IX ക്ലാസ്സുകൾ**

1 മുതൽ 9 വരെ ക്ലാസ്സുകൾക്കുള്ള രണ്ടാം സെമസ്റ്റർ വേദപാഠം പരീക്ഷ ഫെബ്രുവരി 28-ാം തിയ്യതി ഞായറാഴ്ച്ചയാണ്.

ഇംഗ്ലീഷ് ചോദ്യം പേപ്പറുകൾ ഏതെങ്കിലും ക്ലാസ്സുകളിലേക്ക് ആവശ്യമുള്ളവർ ജനുവരി 15 ന് മുൻപ് മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**സ്കോളിസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കോളസ്റ്റിക് ടെസ്റ്റ് മാർച്ച് 7-ാം തിയ്യതി ഞായറാഴ്ച്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റിൽ വെച്ച് നടക്കുന്നതാണ്. എല്ലാ അദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**മാർക്ക് വിഭജന രീതി**

1. ഞാനും നിന്നെ വിധിക്കുന്നില്ല. (മതാദ്ധ്യാപക സമ്മാനം 2009) - 15 മാർക്ക്
2. രൂപത ബുള്ളറ്റിലെ ജനറൽ ക്വിസ് (ജൂൺ 2009-ഫെബ്രുവരി 2010) 25 മാർക്ക്
3. സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്
4. മതബോധന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിച്ച ജനറൽക്വിസ് - 50 മാർക്ക്

ചോദ്യപേപ്പറിൽ എല്ലാ ചോദ്യങ്ങളും ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടവയായിരിക്കും. ഉത്തരകടലാസ്സിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻചെയുക. ഉത്തരകടലാസ്സിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരകടലാസ് മാർച്ച് 8-ാം തിയ്യതി തിങ്കളാഴ്ച്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടാതാണ്.

**പരീക്ഷ ഒരുക്ക ധ്യാനം**

10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് വർഷാവസാന പരീക്ഷയ്ക്ക് ഒരുക്കമായി 2010 ജനുവരി 26ന് ഏകദിന ധ്യാനം ഒരുക്കുന്നു. ഫാ. റെനി പുല്ലുകാലാ



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

യിൽ ധ്യാനം നയിക്കുന്നു. രൂപതാ പാസ്റ്ററൽ സെന്ററിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെയാണ് ധ്യാനം നടക്കുന്നത്.
രജി.ഫീസ് - 15 രൂപ

**II HDC കറസ്പോണ്ടൻസ് കോഴ്സ്**

എൻട്രൻസ് കോച്ചിംഗ്, ഓപ്പൺ സ്കൂൾ എന്നിവ മൂലം വിശ്വാസപരിശീലന ക്ലാസ്സുകളിൽ സംബന്ധിക്കാനാവാത്ത വരെ മാത്രം ലക്ഷ്യമാക്കി II HDC കറസ്പോണ്ടൻസ് കോഴ്സ് നടത്തുന്നു.
ക്ലാസ് തിയ്യതി: ജനുവരി 26
ക്ലാസ്സ് സമയം: 10.am to 4.00 pm
സ്ഥലം: പാസ്റ്ററൽ സെന്ററൽ
രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികളും ഈ ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്.

**കോയമ്പത്തൂർ - റീജിയൻ -രണ്ടാം സെമസ്റ്റർ പരീക്ഷ**

കോയമ്പത്തൂർ റീജിയനിലുള്ള 10,11,12 ക്ലാസ്സുകളിലെ സൺഡേ സ്കൂൾ കുട്ടികൾക്ക് രണ്ടാം സെമസ്റ്റർ പരീക്ഷ ജനുവരി 24-ാം തിയ്യതി ഞായറാഴ്ച്ച നടക്കുന്നു. 1 മുതൽ 9 വരെ ക്ലാസ്സുകൾക്കുള്ള പരീക്ഷ ഫെബ്രുവരി 28-ാം തിയ്യതി

**കോയമ്പത്തൂർ റീജിയനിലുള്ള സൺഡേസ്കൂൾ ചെറുകഥ ഉപന്യാസ മത്സര വിജയികൾ**

**ചെറുകഥ യു.പി.**

| | |
|---|---|
| I. റെസ്കി സൂസൺ ബാബു | ലൂർദ് ഫൊറോന ചർച്ച്, ഗാന്ധിപുരം |
| II. റിൻസ്. എസ്. | സെന്റ് ജോസഫ് ചർച്ച്, മേട്ടുപാളയം |
| III. സെലീന ജേക്കബ് | ഇന്റഫന്റ് ജീസസ് ചർച്ച്, ഇടയപാളയം |

**ഹൈസ്ക്കൂൾ**

| | |
|---|---|
| I. ആൻ മേരി രാജു | ഹോളിട്രിനിറ്റി ഫൊറോന, രാമനാഥപുരം |
| II. സെറിൻ ആന്റണി | ഹോളിട്രിനിറ്റി ഫൊറോന, രാമനാഥപുരം |
| III. ആഷ്റിയ പി. ഷാജു | ലിറ്റിൽ ഫ്ളവർ ചർച്ച്, ലിസ്യൂനഗർ |
| III. കെസിയ സാറാ ജോസഫ് | ലൂർദ്ദ് ഫൊറോന ചർച്ച്, ഗാന്ധിപുരം |

**എച്ച്. ഡി. സി.**

| | |
|---|---|
| I. ആൻലിൻ പോൾ | സെന്റ് ജോസഫ് ചർച്ച്, കവുണ്ടംപാളയം |
| II. ജാസ്മിൻ എം. പി. | ഹോളിട്രിനിറ്റി ഫൊറോന, രാമനാഥപുരം |
| III. ഏയ്ഞ്ചൽ. ജെ | മൗണ്ട് കാർമ്മൽ, തിരുപ്പൂർ |

**ഉപന്യാസം യു.പി.**

| | |
|---|---|
| I. അലീന ജോർജ്ജ് | സെന്റ് ജോസഫ് ചർച്ച്, കവുണ്ടംപാളയം |
| II. അനൂജ ജോർജ്ജ് | ഇൻഫന്റ് ജീസസ് ചർച്ച്, ഇടയപാളയം |
| III. ജിൽ ജെയിംസ് | സെന്റ് പോൾ ചർച്ച്, പൊള്ളാച്ചി |





**ഹൈസ്ക്കൂൾ**

| | |
|---|---|
| I. മെറീന ഇ.ജെ. | സെന്റ് മാർക്ക് ചർച്ച്, കുനിയമുത്തൂർ |
| II. മേരി ആൻ. കെ.ആർ | സെന്റ് ജോസഫ് ചർച്ച്, കവുണ്ടംപാളയം |
| III. അഞ്ജു സി. ആന്റണി | ലൂർദ്ദ് മാതാ ഫൊറോന ചർച്ച്, ഗാന്ധിപുരം |

**എച്ച്. ഡി. സി.**

| | |
|---|---|
| I. ജോസഫീന ജോൺ | ഹോളിട്രിനിറ്റി ഫൊറോന, രാമനാഥപുരം |
| II. റൊണാൾഡ് ജെയിംസ് | സെന്റ് മാർക്ക് ചർച്ച്, കുനിയമുത്തൂർ |
| III. മരിയ കുര്യച്ചൻ | ഹോളി ട്രിനിറ്റി ഫൊറോന, രാമനാഥപുരം |

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസപരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകുന്നതിന്റെ ഭാഗമായി അഗളി, കാരപ്പാടം, ഷൊർണ്ണൂർ, മലയകം, പാലക്കയം, വഴിക്കടവ്, നിരവ്, മൈലംപുള്ളി, ജെല്ലിപ്പാറ, ധോണിഗുണ്ട് എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. എല്ലാ സഹകരണങ്ങൾക്കും ബഹു.വികാരി അച്ചന്മാർക്കും, പ്രധാന അദ്ധ്യാപകർക്കും, മതാദ്ധ്യാപകർക്കും നന്ദി പറയുന്നു.

**റഗുലർസ്കൂൾ വാർഷിക പരീക്ഷ**

സ്കൂൾ വേദോപദേശം, സന്മാർഗ്ഗശാസ്ത്രം 10,11,12 ക്ലാസ്സുകൾക്ക് വാർഷിക പരീക്ഷ ജനുവരി 29-ാം തിയ്യതി വെള്ളിയാഴ്ച്ചയും 1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് ഫെബ്രുവരി 22-ാം തിയ്യതി തിങ്കളാഴ്ച്ചയും നടക്കുന്നു. 10,11,12 ക്ലാസ്സുകളുടെ ചോദ്യപേപ്പറുകൾ ജനുവരി 26-ാം തിയ്യതി മുതൽ മതബോധന കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്.

> അടുന്ന വർഷത്തേയ്ക്കേള്ള സ്കൂൾ കാറ്റികിസം. മോറൽ സയൻസ് പുസ്തകങ്ങളുടെ എണ്ണം ഇനിയും എത്തിച്ചിട്ടില്ലാത്തവർ ഉടനെതന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കുവാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**കടുകുമണി ബൈബിൾ ക്വിസ്**

ആദിമ നൂറ്റാണ്ടു മുതൽ ദൈവജനത്തിന് മാർഗ്ഗവും ജീവനുമായ തിരുവചനത്തെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും പങ്കെവെയ്ക്കുവാനുമായി കടുകുമണി ബൈബിൾ ക്വിസ് നടത്തുന്നു.

**മത്സരനിബന്ധനകൾ**

* 15 നും 25നും മദ്ധ്യേ പ്രായമുള്ള ഏവർക്കും രണ്ട് പേരടങ്ങുന്ന ഗ്രൂപ്പുകളായി ഈ മത്സരത്തിൽ പങ്കെടുക്കാം.
* രണ്ട് തലങ്ങളിലായിട്ടാണ് മത്സരങ്ങൾ നടക്കുന്നത്. ആദ്യതലത്തിൽ സെലക്ഷൻ റൗണ്ട് ആയി എഴുത്തു പരീക്ഷയും അവസാനതലത്തിൽ മൾട്ടീമീഡിയ സഹായത്തോടെ ഫൈനൽ റൗണ്ട് ഡിവൈൻ ടി,വിയിലും നടത്തുന്നു.



**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil, Published by: Fr. Dominic Aippenparambil, Bishop's House, Palakkad - 678 004.

* മത്സരത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ, രജിസ്ട്രേഷൻ ഫീസായ 200/- രൂപയും, വികാരി അച്ചന്റെ സമ്മതപത്രവും പൂർണ്ണ മായ മേൽവിലാസവും , ഫോൺ നമ്പരും എഴുതി 28-ാം തിയതിക്ക് മുമ്പായി തപാൽ വഴിയോ, നേരിട്ടോ കടുകുമണി ഓഫീസിൽ എത്തി ക്കണം.
* ഒരു ഇടവകയിൽ നിന്ന് എത്ര ഗ്രൂപ്പുകൾക്ക് വേണമെങ്കിലും മത്സര ത്തിൽ പങ്കെടുക്കാം.
* ആദ്യതല പരീക്ഷയ്ക്കായി എല്ലാ രൂപതകളിലും കേന്ദ്രങ്ങൾ ഉണ്ടാ യിരിക്കും. രജിസ്റ്റർ ചെയ്തുകഴിയുമ്പോൾ പഠനസഹായിയുടെ ഒരു കോപ്പിയും പരീക്ഷാകേന്ദ്രങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നതാണ്.
* ആദ്യതല മത്സരത്തിൽ ഉയർന്ന മാർക്കു നേടുന്ന 40 ഗ്രൂപ്പുകൾ തെര ഞ്ഞെടുക്കപ്പെടുന്നതായിരിക്കും.
* ആദ്യതല പരീക്ഷകൾ കടുകുമണി ബൈബിൾ ക്വിസിന്റെ ജൂറി പരി ശോധനാവിധേയമാക്കി വിജയികളെ നിശ്ചയിക്കുന്നതായിരിക്കും.
* ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും
* പഠനവിഷയം: ബൈബിൾ ഒരു ആമുഖ പഠനം (Introduction to Bible)

**സമ്മാനങ്ങൾ**

1-ാം സമ്മാനം 15001/- രൂപയും ട്രോഫിയും പ്രശസ്തി പത്രവും
2-ാം സമ്മാനം 10001/- രൂപയും ട്രോഫിയും പ്രശസ്തി പത്രവും
13-ാം സമ്മാനം 5001/- രൂപയും ട്രോഫിയും പ്രശസ്തി പത്രവും
സ്ഥലം: ഡിവൈൻ ഇംഗ്ലീഷ് ക്യാംപസ്
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
ഇംപാക്ട്, വി.കെ.സി. പി.ഒ, തേവയ്ക്കൽ, കൊച്ചി 682 023
Mob: 9961932592, 9744268406, 9446630283, 9947611842

**മതബോധന കൗൺസിൽ മീറ്റിംഗ്**

ഡിസംബർ 19-ാം തിയ്യതി ശനിയാഴ്ച്ച പാസ്റ്ററൽ സെന്ററിൽ വെച്ച് മത ബോധന കൗൺസിൽ മീറ്റിംഗ് നടന്നു. 2007-10 വർഷത്തേക്കുള്ള മതബോ ധന കൗൺസിലിന്റെ അവസാന സമ്മേളനമായിരുന്നു. അഭിവന്ദ്യ പിതാവ് സന്നിഹിതനായിരുന്നു. പിതാവിന് കൗൺസിൽ അംഗങ്ങൾ ക്രിസ്തുമസ് ആശംസകൾ നേർന്നു. പിതാവ് ക്രിസ്തുമസ്സ് സന്ദേശം നല്കുകയും കേക്ക് മുറിച്ച് പങ്കുവെച്ച് ക്രിസ്തുമസ് സന്തോഷം നേരുകയും ചെയ്തു. കഴിഞ്ഞ മൂന്നു വർഷക്കാലം കൗൺസിൽ അംഗങ്ങൾ വിശ്വാസപരിശീലന രംഗത്ത് ചെയ്ത സ്നേഹ ശുശ്രൂഷകൾക്ക് നിസ്വാർത്ഥ സേവനങ്ങൾക്ക് അഭിവന്ദ്യ പിതാവും, ബഹു.ഡയറക്ടറച്ചനും നന്ദി രേഖപ്പെടുത്തി. കൗൺസിൽ അംഗത്വ സ്ഥാനം കഴിഞ്ഞാലും ഈ രംഗത്തുള്ള പ്രവർത്തനം തുടരണ മെന്ന് ബഹു. ഡയറക്ടറച്ചൻ പറഞ്ഞു. അഭിവന്ദ്യ പിതാവ് എല്ലാവർക്കും





ഉപഹാരങ്ങൾ നല്കി. ബഹു.ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തി. എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് 12.30 pmന് സമ്മേളനം അവസാനിപ്പിച്ചു.

**2009- 2010 മതബോധന പിരിവ്**

ഈ വർഷത്തെ വിശ്വാസ പരിശീലന പരിപാടികൾക്കായി ഇടവകക ളിൽ നിന്നും ലഭിച്ച തുക താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| St. Raphae's Cathedral Palakkad | 2000.00 | St. John The Baptist Kottapuram | 1000.00 |
| Divine Providence Chandranagar | 500.00 | St. Mary's Pullissery | 200.00 |
| Holy Family Chittoor | 500.00 | St. Joseph Sreekrishnapuram | 2000.00 |
| Good Shepherd Kanjikode | 500.00 | Sacred Heart Thiruvizhamkunnu | 250.00 |
| Vimalahurdaya Kodunthirappally | 200.00 | Infant Jesus Balaswaram | 100.00 |
| St.Thomas Koduvayoor | 500.00 | Japamalarani Chittilanchery | 300.00 |
| Nithya Sahaya Matha Town church | 1000.00 | St.Thomas Elavampadam | 1500.00 |
| St. Mary's Thattamagalam | 500.00 | St. Mary's Kadappara | 250.00 |
| St. Antony's Walayar | 150.00 | Bl. Mother Theresa Kairady | 250.00 |
| Lourth Matha Erode | 1000.00 | St. Xavier Mangalam Dam | 500.00 |
| St. Mary's Selam | 500.00 | St. Peter's Mankurissy | 150.00 |
| St. Antony's Sastri Nagar Erode | 500.00 | St. Mary's Maria Nagar | 500.00 |
| Mount Carmal Thirupur | 1000.00 | St. Joseph Maryland Chittady | 500.00 |
| Good Shepherd Karamadai | 250.00 | St. Joseph Neethipuram | 500.00 |
| St. Joseph Mettupalam | 500.00 | St. Pious Olippara | 500.00 |
| St. Joseph Poomarket | 500.00 | St. Joseph Ponkandam | 500.00 |
| St. Thomas Kanirapuzha | 500.00 | Good Shepherd Ponthudy | 250.00 |
| St. Sebastian Arappara | 400.00 | St. Sebastian Akamalavaram | 250.00 |
| St. Thomas Cheenikkapara | 500.00 | St. Joseph Anakkal | 250.00 |
| St. Sebastian Irumbakachola | 500.00 | St. James The Great Dhoni | 500.00 |
| Mary Matha Kalladikkode | 500.00 | St. Jude Malampuzha | 500.00 |
| St. Mary's Karakurissy | 500.00 | St. Alphonsa Mudur | 100.00 |
